©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2025 ആഗസ്റ്റ് 14<br>14th August 2025<br>1200 കർക്കടകം 29<br>29th Karkadakam 1200<br>1947 ശ്രാവണം 23<br>23rd Sravana 1947 | നമ്പർ<br>No. 2970 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ. 3/ലെഗ്.ജി2/2025/നിയമം.

*തിരുവനന്തപുരം, 2025 ആഗസ്റ്റ് 14*
*1200 കർക്കടകം 29*
*1947 ശ്രാവണം 23.*

2025 ആഗസ്റ്റ് 13-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2025-ലെ 1-ാം നമ്പർ ഓർഡിനൻസ്

2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ഓർഡിനൻസ്

പീഠിക.—2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2015-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2015-ലെ 18-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന് (2015-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3, 4 എന്നീ വകുപ്പുകളിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. <u>2-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പ് (എ) ഖണ്ഡത്തിലെ (viii)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

4. <u>3എ, 3ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ</u>.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"3എ. <u>ആക്റ്റ് പ്രകാരം അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ</u>.—ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച്, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ (2015-ലെ 18) വ്യവസ്ഥകൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെട്ട ജീവനക്കാരെ, വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേൽ സർവ്വകലാശാലകളിൽ നിയമിക്കാവുന്നതാണ്.

3<u>ബി. ഒഴിവാക്കൽ</u>.—ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്റെ (2015-ലെ 18) പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നാൽതന്നെയും പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത സർവ്വകലാശാലയെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട തീയതി വരെ പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.".

രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 3/Leg. G2/2025/Law.

*Dated, Thiruvananthapuram, 14th August, 2025*
*29th Karkadakam, 1200*
*23rd Sravana, 1947.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Public Service Commission (Additional Functions as Respects the Services under the Universities) Amendment Ordinance, 2025.

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ്” published under the authority of the Governor.]

# ORDINANCE No. 1 OF 2025

THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES UNDER THE UNIVERSITIES) AMENDMENT ORDINANCE, 2025

Promulgated by the Governor of Kerala in the Seventy-sixth Year of the Republic of India.

*AN*

*ORDINANCE*

*to amend the Kerala Public Service Commission (Additional Functions as Respects the Services under the Universities) Act, 2015.*

*Preamble*.—WHEREAS, it is expedient to amend the Kerala Public Service Commission (Additional Functions as Respects the Services under the Universities) Act, 2015 (18 of 2015) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Public Service Commission (Additional Functions as Respects the Services under the Universities) Amendment Ordinance, 2025.

(2) It shall come into force at once.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. *Act 18 of 2015 to be temporarily amended.*—During the period of operation of this Ordinance, the Kerala Public Service Commission (Additional Functions as Respects the Services under the Universities) Act, 2015 (18 of 2015) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 and 4.

3. *Amendment of section 2.*—In the principal Act, in section 2, in clause (a), sub-clause (viii) shall be omitted.

4. *Insertion of new sections 3A and 3B.*—After section 3 of the principal Act, the following sections shall be inserted, namely:—

"3A. *Special provision in respect of the existing employees appointed to non-teaching posts under the Act.*- Notwithstanding anything contained in this Act or in any judgment, decree or order of any Court or Tribunal or any other authority, the Government may, in consultation with the Public Service Commission, appoint, the employees appointed by direct recruitment to the non-teaching posts of the National University of Advanced Legal Studies under the provisions of the Kerala Public Service Commission (Additional Functions as Respects the Services under the Universities) Act, 2015 (18 of 2015), in the Universities on such conditions as may be specified.

3B. *Saving.*—Notwithstanding the exemption of the National University of Advanced Legal Studies from the purview of the Kerala Public Service Commission (Additional Functions as Respects the Services under the Universities) Act, 2015 (18 of 2015), such exemption shall not affect the validity, invalidity, effect or consequence of anything done or suffered, or any right, title, obligation or liability already acquired, accrued or incurred under the said Act, from the date of commencement of the said Act to the date of exempting the said University from the purview of the said Act.".

RAJENDRA VISHWANATH ARLEKAR,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.14 09:53:13 +05:30